No. ....../M(TR&D)/2011

**Chief Minister**

From: "Ansari Abdul Vahid" <ansarikulamuttom@gmail.com>
To: <chiefminister@kerala.gov.in>; <cc@oommenchandy.net>
Sent: Saturday, August 06, 2011 7:40 PM
Subject: Respected CM, please advice to kerala police to follow this rules

വി.ഐ.പി ഗതാഗത ലംഘനങ്ങൾ 7118; പിഴയായി ലഭിച്ചത് 3,73,055 ദിർഹം
Published on Fri, 08/05/2011 - 08:53 ( 1 day 9 hours ago)
(+)(-) Font Size ShareThisദുബൈ: അതിവിശിഷ്ട വ്യക്തികളും മുതിർന്ന സർക്കാർ ഉദ്യോഗസ്ഥരും വരുത്തിയ ഗതാഗത നിയമ ലംഘനങ്ങൾ വഴി ലഭിച്ചത് 3,73, 055 ദിർഹം. പൊലീസ് മേധാവിയും മന്ത്രിയുമടക്കമുള്ള വി.ഐ.പികൾ കഴിഞ്ഞ ആറ് മാസത്തിനിടെ 7,118 ഗതാഗത നിയമ ലംഘനങ്ങളാണ് നടത്തിയത്. പിഴയടച്ചവരിൽ ദുബൈ പൊലീസ് മേധാവിയും ഉപ മേധാവിയുമെല്ലാം ഉൾപ്പെടും. എന്നാൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇത്തരം നിയമ ലംഘനങ്ങളിൽ കുറവ് വന്നിട്ടുണ്ട്. 2010ൽ ഇതേ കാലയളവിൽ 8,143 വി.ഐ.പി ഗതാഗത നിയമ ലംഘനങ്ങളാണ് കണ്ടെത്തിയത്.

നിയമം നടപ്പാക്കുന്നതിലും അനുസരിക്കുന്നതിലും എല്ലാ പൗരൻമാരും തുല്യരാണെന്ന സന്ദേശമാണ് ദുബൈ പൊലീസ് മേധാവി ദാഹി ഖൽഫാൻ തമീം അടക്കമുള്ളവർക്ക് ലഭിച്ച പിഴയിലൂടെ ഗതാഗത വകുപ്പ് നൽകുന്നത്. വേഗ പരിധി ലംഘിച്ചതിന് 3000 ദിർഹമാണ് പൊലീസ് മേധാവിയുടെ കാറിന് പിഴ ലഭിച്ചിരിക്കുന്നത്. ഇദ്ദേഹത്തിന് പുറമെ ആക്ടിങ് കമാൻഡൻ ഇൻ ചീഫ് മേജർ ജനറൽ ഖമീസ് മതാർ അൽ മുസൈന, ഗതാഗത വിഭാഗം ആക്ടിങ് ഡയറക്ടർ സെയ്ഫ് മുഹൈർ ആൽ മസ്റൂഇ എന്നിവർക്കും ഒരു മന്ത്രിക്കുമെല്ലാം ഗതാഗത നിയമ ലംഘനത്തിന് പിഴ ലഭിച്ചിട്ടുണ്ട്. മുസൈനക്കും വേഗ പരിധി ലംഘിച്ചതിനാണ് പിഴയിട്ടത്. ഇദ്ദേഹം 1600 ദിർഹം പിഴ നൽകി. മസ്റൂഈയുടെ പേരിലുള്ള വാഹനം ഇദ്ദേഹത്തിന്റെ ഭാര്യ ഓടിക്കുമ്പോഴാണ് നിയമം ലംഘിച്ചത്. ചുകപ്പ് സിഗ്നൽ മറികടന്ന ഈ വാഹനം ഇപ്പോഴും 'തടവറ'യിലാണ്. പിഴ അടച്ചിട്ടുണ്ടെങ്കിലും വാഹനം തിരിച്ചെടുക്കാൻ അദ്ദേഹം തയാറായിട്ടില്ല. നിയമത്തിന്റെ മുന്നിൽ എല്ലാവരും തുല്യരാണെന്ന സന്ദേശം ഭാര്യക്ക് നൽകുന്നതിനാണ് കാർ തിരിച്ചെടുക്കാത്തതെന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

പരമാവധി അനുവദിച്ച ബ്ലാക്ക് പോയിന്റ് പരിധി ലംഘിച്ചതിനാണ് മന്ത്രിയുടെ വാഹനത്തിന് പിഴ ലഭിച്ചിരിക്കുന്നത്. മന്ത്രിയുടെ ഡ്രൈവറാണ് വാഹനം ഓടിച്ചിരുന്നത്. അനുവദിക്കപ്പെട്ട വേഗ പരിധിയിൽ നിന്നും ഒന്നോ രണ്ടോ കി.മീറ്റർ കടന്നതിനാണ് ദാഹി ഖൽഫാൻ അടക്കമുള്ളവർക്ക് പിഴയടക്കേണ്ടി വന്നത്. തന്റെ വാഹനങ്ങൾ വരുത്തുന്ന നിയമ ലംഘനം വഴി ലഭിക്കുന്ന പിഴ പൂർണമായി അടക്കുമെന്നും നിയമത്തിന് മുന്നിൽ എല്ലാ പൗരൻമാരും തുല്യരാണെന്നും ദാഹി ഖൽഫാൻ തമീം വ്യക്തമാക്കി. തന്റെ വാഹനങ്ങളെ ഒരിക്കലും പിഴയിൽ നിന്ന് ഒഴിവാക്കില്ല. പൊലീസ് ഓഫിസർ മറ്റ് ജനങ്ങൾക്ക് മാതൃകയായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

OOMMEN CHANDY
Chief Minister
Kerala

Transport Commissioner

വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ്

---

Emoticonos gratis para tu correo electrónico! ¡Haz clic aquí!

